**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 399** **10-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരി വിപണനം, ഉപയോഗം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരി വിപണനം, ഉപയോഗം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് 2023 ജനുവരി 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എക്സൈസ് വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ലഹരി വിപണനം, ഉപയോഗം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് 2023 ജനുവരി 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എക്സൈസ് വകുപ്പ് 23387 അബ്കാരി കേസുകളും, 9889 എൻ.ഡി.പി.എസ് കേസുകളും, 102303 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ ലഹരി മാഫിയയുടെ അക്രമങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ബി) | ടി കാലയളവിൽ ലഹരി മാഫിയയുടെ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കിടയിൽ എക്സൈസ് ഉദ്യോഗസ്ഥർ ആക്രമിക്കപ്പെട്ടതും ഡ്യൂട്ടി തടസ്സപ്പെടുത്തിയതുമായ സംഭവങ്ങൾ പോലീസിൽ റിപ്പോർട്ട് ചെയ്ത് പോലീസ് വകുപ്പിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | 2023 ജനുവരി ഒന്നു മുതൽ 2024 മാർച്ച് 31 വരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കിടയിൽ എക്സൈസ് ഉദ്യോഗസ്ഥർ ആക്രമിക്കപ്പെട്ടതും ഡ്യൂട്ടി തടസ്സപ്പെടുത്തിയതുമായ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം- 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | 2024 ജനുവരി 1 മുതൽ മെയ് 31 വരെയുള്ള കാലയളവിൽ ലഹരി ഉപയോഗം, വിൽപ്പന, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്കെതിരെ എക്സൈസ് വകുപ്പ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഡി) | വിദ്യാർത്ഥികൾക്കെതിരെ തിരുവനന്തപുരം-5, കോട്ടയം-45, എറണാകുളം-19, വയനാട്-1 എന്നിങ്ങനെ 70 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 1

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത അബ്കാരി കേസുകൾ | രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ് കേസുകൾ | രജിസ്റ്റർ ചെയ്ത കോട്പ കേസുകൾ |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 1685 | 638 | 15734 |
| 2. | കൊല്ലം | 1820 | 698 | 10002 |
| 3. | പത്തനംതിട്ട | 1974 | 702 | 10783 |
| 4. | ആലപ്പുഴ | 1661 | 871 | 4682 |
| 5. | കോട്ടയം | 1898 | 1014 | 8454 |
| 6. | ഇടുക്കി | 1032 | 796 | 4687 |
| 7. | എറണാകുളം | 1566 | 1141 | 10369 |
| 8. | തൃശ്ശൂർ | 1757 | 752 | 7702 |
| 9. | പാലക്കാട് | 2227 | 560 | 6226 |
| 10. | മലപ്പുറം | 1635 | 779 | 6722 |
| 11. | കോഴിക്കോട് | 2315 | 487 | 2992 |
| 12. | വയനാട് | 814 | 550 | 4550 |
| 13. | കണ്ണൂർ | 1835 | 765 | 5359 |
| 14 | കാസർഗോഡ് | 1168 | 136 | 4041 |
| | ആകെ | 23387 | 9889 | 102303 |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 2

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 1 |
| 2. | കൊല്ലം | 3 |
| 3. | പത്തനംതിട്ട | 1 |
| 4. | ഇടുക്കി | 1 |
| 5. | എറണാകുളം | 2 |
| 6. | വയനാട് | 1 |
| 7. | കണ്ണൂർ | 1 |
| | ആകെ | 10 |

സെക്ഷൻ ഓഫീസർ

### അനുബന്ധം- 2

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 1 |
| 2. | കൊല്ലം | 3 |
| 3. | പത്തനംതിട്ട | 1 |
| 4. | ഇടുക്കി | 1 |
| 5. | എറണാകുളം | 2 |
| 6. | വയനാട് | 1 |
| 7. | കണ്ണൂർ | 1 |
| | ആകെ | 10 |

സെക്ഷൻ ഓഫീസർ